കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - സംസ്ഥാനത്തെ യു.ജി.സി/എ.ഐ.സി.റ്റി.ഇ സ്കീമിനു കീഴിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് പുതിയ നിയമന പ്രക്രിയയുടെ ഭാഗമായി നേടുന്ന മറ്റൊരു നിയമനത്തിൽ മുൻ നിയമനത്തിലെ ശമ്പളസംരക്ഷണത്തിന് അർഹതയില്ല എന്ന് നിർദ്ദേശിച്ച് കൊണ്ടുള്ള ഉത്തരവ് മരവിപ്പിച്ച് കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (പി.ആർ.സി സി) വകുപ്പ്**

സ.ഉ (കൈ) നം.140/2021/ധന  തീയതി, തിരുവനന്തപുരം, 01/12/2021

പരാമർശം - 1. സ.ഉ (കൈ) നം. 129/2021/ധന, തീയതി 09/11/2021

**ഉത്തരവ്**

സംസ്ഥാനത്തെ യു.ജി.സി/എ.ഐ.സി.റ്റി.ഇ സ്കീമിനു കീഴിൽ വരുന്ന അദ്ധ്യാപകർക്ക്, ഒരു തസ്തികയിൽ ജോലി ചെയ്തുവരവേ ഒരു പുതിയ നിയമനപ്രക്രിയയുടെ ഭാഗമായി അപേക്ഷ ക്ഷണിച്ച് പരീക്ഷ / ഇന്റർവ്യൂ നടത്തി മറ്റൊരു നിയമനം നേടുന്ന പക്ഷം മുൻ നിയമനത്തിലെ ശമ്പളം സംരക്ഷിച്ചുനൽകുന്നതിന് അർഹതയില്ല എന്ന് വ്യക്തമാക്കിക്കൊണ്ടും ഇപ്രകാരം ആർക്കെങ്കിലും ശമ്പള സംരക്ഷണം അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആയത് റദ്ദ് ചെയ്ത് ടി അദ്ധ്യാപകരുടെ ശമ്പളം ക്രമീകരിക്കുന്നതിനും ഈയിനത്തിൽ കൈപ്പറ്റിയ അധിക തുക തിരികെ ഈടാക്കുന്നതിനും നിർദ്ദേശം നൽകിക്കൊണ്ട് പുറപ്പെടുവിച്ചിരുന്ന മേൽ പരാമർശ ഉത്തരവ് മരവിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗോപകുമാർ. എൻ**

അഡീഷണൽ സെക്രട്ടറി

To

1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
3. രജിസ്ട്രാർ, കേരള, മഹാത്മാ ഗാന്ധി, കാലിക്കട്ട്, കണ്ണൂർ സർവ്വകലാശാല.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
7. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
8. ഉന്നത വിദ്യാഭ്യാസ (ഡി) വകുപ്പ്.
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ